# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 232

23.01.2018-ൽ മറുപടിയ്ക്ക്

## കായംകുളം ദേശീയപാതയിൽ നാട് പാക്ക് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. യു പ്രതിഭ ഹരി | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| കായംകുളം പട്ടണത്തിലേയും ദേശീയ പാതയിൽ മേപ്പാട് മുതൽ ഓച്ചിറ വരെയും, കായംകുളം തിരുവല്ല റോഡിലും ദിനം പ്രതിയുണ്ടാകുന്ന വാഹന അപകടങ്ങളും ഗതാഗത കുരുക്കും ഒഴിവാക്കി ഗതാഗതം സുഗമമാക്കുന്നതിനായി നാട് പാക്കിന്റെ സഹായത്തോടെ പഠനം നടത്തി തുടർ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | കായംകുളം – തിരുവല്ല റോഡിന്റെ ഭാഗമായ മാവേലിക്കര – തിരുവല്ല ഭാഗം (19 കി.മീ.) കെ.എസ്.റ്റി.പി RQIM2 പദ്ധതി പ്രകാരം എഗ്രിമെന്റ് വച്ച് ബി.സി ഓവർലേ ചെയ്തിട്ടുള്ളതും അഞ്ച് വർഷത്തേയ്ക്കുള്ള (24.03.2019 വരെ) മെയിന്റനൻസ് ഗ്യാരന്റി പ്രസ്തുത കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>ആലപ്പുഴ ദേശീയ പാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന ചേപ്പാട് മുതൽ ഓച്ചിറ വരെ റോഡ് സേഫ്റ്റിയുമായി അനുബന്ധിച്ചുള്ള പഠനങ്ങൾ നടത്തി ബ്ലാക്ക് സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്ത് റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത റോഡിന്റെ വികസനത്തിന് ആവശ്യമായ ഡി.പി.ആർ നാഷണൽ ഹൈവേ അതോറിറ്റി നിയമിച്ച കൺസൾട്ടന്റ് മുഖാന്തിരം നടത്തി വരുന്നു. ഈ ഭാഗത്ത് നാലുവരിപ്പാതയാക്കിയുള്ള റോഡ് വികസനം പൂർത്തീകരിക്കുമ്പോൾ ഈ ഭാഗത്തെ |

ഗതാഗതക്കുരുക്കിന് പരിഹാരമാകുന്നതാണ്.

നിരത്തു വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകളിൽ ദിനംപ്രതിയുണ്ടാകുന്ന വാഹന അപകടങ്ങളും, ഗതാഗതക്കുരുക്കും ഒഴിവാക്കി ഗതാഗതം സുഗമമാക്കുന്നതിന് NATPAC മുഖേന പഠനം നടത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ